# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2001** **05/12/2018-ൽ മറുപടിക്ക്**

### ഐ.ടി. പാർക്കുകൾ

**ചോദ്യം** **മറുപടി**

**ശ്രീ.മുരളി പെരുനെല്ലി** **പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | ജില്ല ആസ്ഥാനങ്ങളിൽ ഐ.ടി.പാർക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) | കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, ചേർത്തല, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ഐ.ടി പാർക്കുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. മറ്റ് ജില്ലകളിൽ ഐ.ടി പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല. |
| ബി) | സാങ്കേതിക പരിജ്ഞാനമുള്ളവർക്ക് ഐ.ടി. സ്റ്റാർട്ട് അപ്പ് ആരംഭിക്കാൻ സാമ്പത്തിക പിന്തുണ നൽകാനായി പൊതുജന നിക്ഷേപ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ; വിശദീകരിക്കുമോ? | ബി) | ഐ.ടി. സ്റ്റാർട്ട് അപ്പ് ആരംഭിക്കാൻ സാമ്പത്തിക പിന്തുണ നൽകാനായി പൊതുജന നിക്ഷേപ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല. എന്നാൽ മികച്ച ആശയങ്ങളെ വിപണന ഉല്പന്നങ്ങളാക്കി മാറ്റുന്നതിനായി രണ്ട് ലക്ഷം രൂപ വരെ ഐഡിയ ഗ്രാന്റും ഏഴ് ലക്ഷം രൂപ വരെ |

| | | | |
|---|---|---|---|
| | | | പ്രോഡക്ടൈസേഷൻ ഗ്രാന്റും പന്ത്രണ്ട് ലക്ഷം രൂപ വരെ സ്കെയിൽ അപ്പ് ഗ്രാന്റും നൽകി വരുന്ന പദ്ധതി നിലവിലുണ്ട്. ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും ഐ.ടി വ്യവസായം വികസിപ്പിച്ച യുവതി-യുവാക്കൾക്ക് കൂടുതൽ ജോലി സാധ്യത ലഭ്യമാക്കുക / സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ ITes / BPO എന്നീ കമ്പനികളുടെ സഹകരണത്തോടെ ആരംഭിച്ച 'ടെക്നോലോഡ്ജ്' പദ്ധതിയും നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**